# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: നജീബ് എച്ച്.)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറി മാറ്റത്തിലൂടെയുള്ള നിയമനം നേടിയവരുടെ സീനിയോറിറ്റി സംബന്ധിച്ച പരാതി പരിഹരിച്ച് ഉത്തരവാകുന്നു.

| ഉത്തരവ് നം. 14429/എസ്റ്റാ. സി.3/2019/സിആർഡി | തീയതി:10/08/2020 |
|---|---|

പരാമർശം:-
1. മലപ്പുറം എ.ഡി.സി(ജ) ന്റെ 29.08.2019 - ലെ ആർ.ഡി1/1832/19 നമ്പർ കത്ത്.
2. കണ്ണൂർ എ.ഡി.സി.(ജ) ന്റെ 30.08.2019 - ലെ ആർ.ഡി1/2064/15 നമ്പർ കത്ത്
3. 23.09.2019 - ലെ ഇ.ആർ.എ1/108/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്
4. മലപ്പുറം എ.ഡി.സി.(ജ) ന്റെ 29.08.2019 - ലെ 1920/19 നമ്പർ കത്ത്
5. ഈ ഓഫീസിലെ 19.07.2013-ലെ 24520/എസ്റ്റാ.സി3/2006/സിആർഡി നമ്പർ ഉത്തരവ്.
6. ഈ ഓഫീസിലെ 08.10.2013, 22.10.2013 തീയതികളിലെ 24520/എസ്റ്റാ.സി.3/2006/സിആർഡി നമ്പർ ഉത്തരവുകൾ
7. ഈ ഓഫീസിലെ 23.10.2013 - ലെ 24520/എസ്റ്റാ.സി3/2006/സിആർഡി നമ്പർ ഉത്തരവ്
8. ഈ ഓഫീസിലെ 29.10.2013 - ലെ 24520(i)/എസ്റ്റാ.സി3/2006/സിആർഡി, 24520(ii)/എസ്റ്റാ.സി3/2006/സിആർഡി നമ്പർ ഉത്തരവുകൾ
9. ഈ ഓഫീസിലെ 07.05.2019 - ലെ 2728/എസ്റ്റാ. സി3/2016/സിആർഡി നമ്പർ ഉത്തരവ്
10. ജി.ഒ. (എം.എസ്.) നമ്പർ 301/68/പിഡി, തീയതി 26.09.1968

1. ഗ്രാമവികസന വകുപ്പിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് എൽ.ഡി./യു.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലായി 10/5 വർഷത്തെ സേവനം പൂർത്തിയാക്കി സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറി മാറ്റത്തിലൂടെ നിയമിക്കപ്പെട്ട ചുവടെ പേര് ചേർത്തിട്ടുള്ള സീനിയർ ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ ഈ ഓഫീസിലെ പരാമർശം (9) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള സീനിയോറിറ്റി നമ്പരുകൾ, കാറ്റഗറി മാറ്റത്തിനുവേണ്ടിയുള്ള അപേക്ഷകൾ ഈ ഓഫീസിൽ ലഭ്യമായ തീയതിയുടെ അടിസ്ഥാനത്തിൽ, പുനർ നിർണ്ണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് (1) മുതൽ (4) വരെയുള്ള പരാമർശം കത്തുകൾ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകരുടെ കാറ്റഗറി മാറ്റത്തിനുവേണ്ടി സമർപ്പിച്ച അപേക്ഷയുടെ വിവരങ്ങളും, മറ്റു സേവന വിവരങ്ങളും അവരവരുടെ പേരിനൊപ്പം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് നിലവിലെ തസ്തികയും ഓഫീസും | എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തിയതി | യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച തിയതി | കാറ്റഗറി മാറ്റത്തിന് അർഹമായ10/5 വർഷം സേവനം പൂർത്തിയാക്കിയ തിയതി (എൽ.ഡി +യു.ഡി) | കാറ്റഗറി മാറ്റം അപേക്ഷ ലഭ്യമായ തിയതി | കാറ്റഗറി മാറ്റം അനുവദിക്കപ്പെട്ട പ്രാബല്യ തിയതിയും സീനിയോറിറ്റി നമ്പരും | കാറ്റഗറി മാറ്റത്തിന് അർഹമാണെന്ന് അവകാശപ്പെടുന്ന തിയതി |
|---|---|---|---|---|---|---|---|
| 1 | സത്യനാഥൻ.പി സീനിയർ ക്ലാർക്ക് താനൂർ ബ്ലോക്ക് | 16-11-2001 | 04-10-2008 | 15-11-2011 (10 വർഷം) | 28-12-2011 | 23-10-2013 (684) | 12-06-2013 |
| 2 | മനോജ് കുമാർ.കെ സീനിയർ ക്ലാർക്ക് എടക്കാട് ബ്ലോക്ക് | 25-10-2002 | 04-10-2010 | 04/10/2010 | 26-09-2012 | 23/10/2013 (686) | 12-06-2013 |
| 3 | അബ്ദുൾ ഗഫൂർ.എ.ബി സീനിയർ ക്ലാർക്ക് മതിലകം ബ്ലോക്ക് | 01-11-1997 | 01-09-2007 | 31-10-2007 | 30-07-2013 | 08/10/2013 (682) | 08-10-2013 |
| 4 | ബിന്ദു.ടി.വി സീനിയർ ക്ലാർക്ക് പൊന്നാനി ബ്ലോക്ക് | 19-02-2004 | 18/08/2010 (31/01/2011-ലെ ഉത്തരവ് മുൻകാല പ്രാബല്യം) | 18/08/2010 (5 വർഷം) | 22-11-2012 | 29/10/2013 (772) | 08-10-2013 |

2. സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതിയിൽ ഈ ഓഫീസിൽ ലഭ്യമായിരുന്ന കാറ്റഗറി മാറ്റ അപേക്ഷകരുടെ ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി പരിഗണിച്ചാണ് കാറ്റഗറി മാറ്റത്തിനുള്ളവരെ അതാത് ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

3. മേൽ ക്രമ നമ്പർ (1), (2) ആയ ശ്രീ.സത്യനാഥൻ.പി, ശ്രീ.മനോജ് കുമാർ.കെ എന്നിവർ കാറ്റഗറി മാറ്റം അനുവദിച്ചിട്ടുള്ളത് പരാമർശം (7) ഉത്തരവ് പ്രകാരം 23.10.2013 മുതൽ പ്രാബല്യത്തിലാണ്. കൂടാതെ നിലവിൽ ഈരാറ്റുപേട്ട ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ സീനിയർ ക്ലാർക്കായ ശ്രീമതി ബിബിമോൾ വി.എ.യ്ക്കും പരാമർശം (7) പ്രകാരം 23.10.2013 പ്രാബല്യത്തിൽ കാറ്റഗറി മാറ്റം അനുവദിച്ചിട്ടുണ്ടെന്ന് കാണുന്നു. പരാമർശം (5) ഉത്തരവിന് മുമ്പ് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള എല്ലാ ഉത്തരവ് തീയതികളിലും ടി ജീവനക്കാരെക്കാൾ സർവ്വീസ് സീനിയോറിറ്റി കൂടുതലുള്ള മറ്റ് അപേക്ഷകർ ലഭ്യമായിരുന്നു. എന്നാൽ ഈ ഓഫീസിലെ പരാമർശം (5) ഉത്തരവ് പ്രകാരം 18 ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ 26.09.1968 -ലെ പരാമർശം (10)

ഉത്തരവിലെ "ഓരോ ആറാമത്തെ ഒഴിവിലേയ്ക്കും കാറ്റഗറി മാറ്റത്തിനുള്ള അപേക്ഷകരെ പരിഗണിക്കേണ്ടതാണ്" എന്ന നിർദ്ദേശം പാലിച്ച് കാറ്റഗറി മാറ്റത്തിനുള്ള അപേക്ഷകരെ പരിഗണിച്ചിട്ടില്ലെന്നും ടൈപ്പിസ്റ്റ് തസ്തികയിൽ ടി ജീവനക്കാരേക്കാൾ സീനിയറായ മറ്റ് ടൈപ്പിസ്റ്റുമാരുടെ കാറ്റഗറി മാറ്റത്തിനുള്ള അപേക്ഷകൾ ലഭ്യമായിരുന്നില്ലെന്നും കാണുന്നു. അതിനാൽ പരാമർശം (5) ഉത്തരവിൽ ടി ജീവനക്കാരുടെ പേര് ഉൾപ്പെടുത്തുന്നതിന് അർഹരായിരുന്നെന്നും കാണുന്നു. ടി ഉത്തരവ് പ്രകാരം ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത് മുൻകാല പ്രാബല്യത്തോടെ ആയതിനാൽ ശ്രീ.സത്യനാഥൻ,പി, ശ്രീമതി ബിബിമോൾ വി.എ. ശ്രീ.മനോജ് കുമാർ കെ. എന്നിവരുടെ സീനിയോറിറ്റി ടി ഉത്തരവ് തീയതിയായ (19.07.13) പ്രാബല്യത്തിൽ നിർണ്ണയിയ്ക്കപ്പെട്ട് പരാമർശം (9) ഉത്തരവിൽ സീനിയോറിറ്റി നമ്പർ 636 ആയ ശ്രീ.വിജയനന്ദനൻ.ജി.യുടെ തൊട്ടുമുകളിലായി സീനിയോറിറ്റി നിർണ്ണയിക്കപ്പെടേണ്ടതായിരുന്നെന്നും കാണുന്നു.

4. സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ പുനഃപരിശോധിക്കണമെന്ന് മേൽ പരാമർശം (3) സർക്കാർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള ശ്രീ.അബ്ദുൾ ഗഫൂർ എ.ബി. യ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറി മാറ്റം അനുവദിച്ചിട്ടുള്ളത് ഈ ഓഫീസിലെ 08.10.2013 -ലെ പരാമർശം (6) ഉത്തരവ് പ്രകാരമാണ്. ഗ്രാമവികസന വകുപ്പിൽ അന്ന് നിലവിലുണ്ടായിരുന്ന ക്ലാർക്ക് - സീനിയർ ക്ലാർക്കുമാരുടെ ആകെ എണ്ണം, നിശ്ചിത അനുപാതത്തിൽ (1:1) ക്രമീകരിക്കുന്നതിന്റെ ഭാഗമായി, അനുവദനീയമായ എണ്ണത്തിലും കുറവാണെന്ന് കണ്ടെത്തിയ 47 സീനിയർ ക്ലാർക്കുമാരുടെ തസ്തികകൾ നികത്തുന്നതിനായി അധിക തസ്തികകൾ ഉണ്ടെന്ന് കണ്ടെത്തിയ ക്ലാർക്കുമാരിൽ നിന്ന് സ്ഥാനക്കയറ്റം അനുവദിച്ച് പുറപ്പെടുവിച്ച 08.10.2013 -ലെ പരാമർശം (6) ഉത്തരവിൽ അപേക്ഷകനോടൊപ്പം നിലവിൽ പത്തനംതിട്ട അസിസ്റ്റന്റ് ഡവലപ്മെന്റ് ഓഫീസർ (ജനറൽ) ഓഫീസിൽ സീനിയർ ക്ലാർക്കായ ശ്രീ.ശെൽവനാചാരി.എസ് ഉൾപ്പെടെ രണ്ടു യു.ഡി. ടൈപ്പിസ്റ്റുമാരെ പരിഗണിച്ചിട്ടുണ്ട്. ക്ലാർക്ക്-സീനിയർ ക്ലാർക്കുമാരുടെ ആകെ എണ്ണം അനുവദനീയമായതിലും അധികരിക്കാതെ നിലനിർത്തേണ്ടിയിരുന്നതിനാൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ അന്നു നിലവിലുണ്ടായിരുന്ന രണ്ട് ഒഴിവുകളിലേക്ക് അന്ന് ലഭ്യമായിരുന്ന അപേക്ഷകരുടെ സർവ്വീസ് സീനിയോറിറ്റി പരിഗണിച്ച് മേൽ യു.ഡി ടൈപ്പിസ്റ്റുമാരെ സീനിയർ ക്ലാർക്കുമാരായി കാറ്റഗറി മാറ്റം നൽകി നിയമിക്കുകയായിരുന്നു.

5. 08.10.2013 -ലെ പരാമർശം (6) ഉത്തരവ് പ്രകാരം ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവിലൂടെ സീനിയർ ക്ലാർക്കുമാരായി

നിയമിക്കപ്പെട്ടിട്ടുള്ള, മേൽ ഖണ്ഡികയിൽ പരാമർശിച്ച രണ്ടു ജീവനക്കാർ ഉൾപ്പെടെ, 45 പേരുടെയും സ്ഥാനക്കയറ്റ/കാറ്റഗറി മാറ്റ പ്രാബല്യ തീയതി ഉത്തരവ് തീയതിയായ 08.10.2013 ആയിരിക്കുന്നതാണ്. 08.10.2013 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി നിയമിക്കപ്പെട്ട മേൽ ജീവനക്കാരിൽ ഏറ്റവും ഒടുവിലത്തെ സ്ഥാനം നൽകിയാണ് ശ്രീ.അബ്ദുൾ ഗഫൂർ.എ.ബി, ശ്രീ.ശെൽവനാചാരി.എസ് എന്നിവർക്ക് പരാമർശം (9) പ്രകാരം നിലവിലെ സീനിയോറിറ്റി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതെന്ന് കാണുന്നു. ഒരേ തീയതി പ്രാബല്യത്തിൽ ഒരേ തസ്തികയിലേക്ക് നടത്തപ്പെട്ട നിയമനമാകയാൽ കാറ്റഗറി മാറ്റത്തിന് പരാമർശം (10) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഓരോ ആറാമത്തെ ഒഴിവിലും കാറ്റഗറി മാറ്റത്തിലൂടെ നിയമിക്കപ്പെട്ടവർക്ക് സീനിയോറിറ്റി അനുവദിക്കേണ്ടതായിരുന്നെന്നും കാണുന്നു. അപ്രകാരം സീനിയോറിറ്റി അനുവദിക്കുന്ന പക്ഷം ശ്രീ. അബ്ദുൾ ഗഫൂർ എ.ബി.യുടെ സീനിയോറിറ്റി പരാമർശം (9) സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 640 ആയ ശ്രീമതി സത്യവതി കെ.വി.യ്ക്ക് തൊട്ടു താഴെയായും 641 ആയ ശ്രീ.ഷാജുദ്ദീൻ എസ്. ന് തൊട്ടു മുകളിലായും നിർണ്ണയിയ്ക്കപ്പെടേണ്ടതായിരുന്നു. കൂടാതെ ശ്രീ.അബ്ദുൾ ഗഫൂർ.എ.ബി യ്ക്ക് ഒപ്പം കാറ്റഗറിമാറ്റം അനുവദിക്കപ്പെട്ട നിലവിൽ പത്തനംതിട്ട അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസിൽ സീനിയർ ക്ലാർക്കായ ശ്രീ.ശെൽവനാചാരി.എസ്-ന്റെ സീനിയോറിറ്റി പരാമർശം (9) സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 645 ആയ ശ്രീ. അനൂപ് കുമാർ ടി.എസ്-ന് തൊട്ടു താഴെയായും സീനിയോറിറ്റി നമ്പർ 646 ആയ ശ്രീ.ഷെർഹബീൽ മെഹറൂഫിന് തൊട്ടുമുകളിലായും നിർണ്ണയിക്കപ്പെടേണ്ടതായിരുന്നു.

6. സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ പുനഃപരിശോധിക്കുന്നതിന് പരാമർശം (4) പ്രകാരം അപേക്ഷിച്ചിട്ടുള്ള ശ്രീമതി ബിന്ദു ടി.വി. യ്ക്ക് 29.10.2013 ലെ 24520 (i)/എസ്റ്റാ. സി3/2006/സിആർഡി നമ്പർ ഉത്തരവ് പ്രകാരമാണ് (പരാമർശം (8)) കാറ്റഗറി മാറ്റം അനുവദിച്ചിട്ടുള്ളത്. ടി തീയതിക്കു മുമ്പ് 08.10.2013 തീയതി ഉൾപ്പെടെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക്, നിയമനം നടത്തുമ്പോൾ ലഭ്യമായ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിന് ടിയാളെക്കാൾ സർവ്വീസ് സീനിയോറിറ്റി കൂടുതലുള്ള കാറ്റഗറി മാറ്റ അപേക്ഷകർ നിലവിലുണ്ടായിരുന്നതായി കാണുന്നു. ക്ലാർക്ക്-സീനിയർ ക്ലാർക്കുമാരുടെ ആകെ എണ്ണം അനുവദനീയമായതിലും അധികരിക്കാതെ നിലനിർത്തേണ്ടിയിരുന്നതിനാൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ അന്നു നിലവിലുണ്ടായിരുന്ന രണ്ട് ഒഴിവുകളിലേക്ക് അന്ന് ലഭ്യമായിരുന്ന അപേക്ഷകരുടെ സർവ്വീസ് സീനിയോരിറ്റി പരിഗണിച്ച് മേൽ യു.ഡി. ടൈപ്പിസ്റ്റുമാരെ സീനിയർ ക്ലാർക്കുമാരായി കാറ്റഗറി മാറ്റം നൽകി

നിയമിക്കുകയാണുണ്ടായത്. ഗ്രാമവികസന വകുപ്പിൽ 152 സീനിയർ ക്ലാർക്ക് തസ്തികകൾ ഹെഡ് അക്കൗണ്ടന്റ് തസ്തികയായി ഉയർത്തപ്പെട്ടപ്പോൾ ക്ലാർക്ക്-സീനിയർ ക്ലാർക്കുമാരുടെ എണ്ണം നിശ്ചിത അനുപാതത്തിൽ (1:1) ക്രമീകരിക്കപ്പെടുന്നതിന് 29.10.2013 -ലെ 24520(ii)/എസ്റ്റാ.സി3/2016/സി.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട 74 പേരുടെയും ജൂനിയറായിട്ടാണ് പരാമർശം (9) ലിസ്റ്റിൽ ടിയാൾക്ക് സീനിയോറിറ്റി നൽകപ്പെട്ടിട്ടുള്ളതെന്ന് കാണുന്നു.

7. 29.10.2013-ലെ പരാമർശം (8) ഉത്തരവുകളിൽ ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവുകളിലൂടെ സീനിയർ ക്ലാർക്കുമാരായി നിയമിക്കപ്പെട്ടിട്ടുള്ള 74 പേരുടെയും സ്ഥാനക്കയറ്റ/കാറ്റഗറി മാറ്റ പ്രാബല്യ തീയതി ഉത്തരവ് തീയതിയായ 29.10.2013 ആയിരിക്കുന്നതാണ്. 29.10.2013 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി നിയമിക്കപ്പെട്ടവരിൽ ഏറ്റവും ഒടുവിലത്തെ സ്ഥാനം നൽകിയാണ് ശ്രീമതി.ബിന്ദു.ടി.വി-യ്ക്ക് നിലവിലെ സീനിയോറിറ്റി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതെന്ന് കാണുന്നു. ഒരേ തീയതി പ്രാബല്യത്തിൽ ഒരേ തസ്തികയിലേക്ക് നടത്തപ്പെട്ട നിയമനമാകയാൽ കാറ്റഗറി മാറ്റത്തിന് പരാമർശം (10) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഓരോ ആറാമത്തെ ഒഴിവിലും കാറ്റഗറി മാറ്റത്തിലൂടെ നിയമിക്കപ്പെട്ടവർക്ക് സീനിയോറിറ്റി അനുവദിക്കേണ്ടതായിരുന്നെന്നും കാണുന്നു. അപ്രകാരം സീനിയോറിറ്റി അനുവദിക്കുന്ന പക്ഷം ശ്രീമതി.ബിന്ദു.ടി.വി യുടെ സീനിയോറിറ്റി പരാമർശം (9) സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 691 ആയ ശ്രീ.സജീവ് പി. യ്ക്ക് തൊട്ടു താഴെയായും 692 ആയ ശ്രീ.എ.എസ്.ഗോപകുമാർ -ന് തൊട്ടു മുകളിലായും നിർണ്ണയിയ്ക്കപ്പെടേണ്ടതായിരുന്നു.

8. ഈ സാഹചര്യത്തിൽ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും കാറ്റഗറി മാറ്റത്തിലൂടെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട മുകളിൽ പരാമർശിച്ചിട്ടുള്ള 6 സീനിയർ ക്ലാർക്കുമാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ചുവടെ ചേർക്കുവിധം പുനർ നിർണ്ണയിച്ചും അതിനനുസൃതമായി ഈ ഓഫീസിലെ പരാമർശം (9) സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിലെ ഓഫീസും | നിലവിലെ സീനിയോറിറ്റി നമ്പർ | പുനർ നിർണ്ണയിക്കപ്പെട്ട സീനിയോറിറ്റി നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.സത്യനാഥൻ.പി<br>ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, താനൂർ | 684 | 635 എ | സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 635 ആയ ശ്രീ.സംഗീത് എൻ.സി. ക്ക് ശേഷവും 636 ആയ ശ്രീ.വിജയനന്ദൻ ജി. ക്ക് മുകളിലായും ഇതേ ക്രമത്തിൽ സീനിയോറിറ്റി നിർണ്ണയിക്കപ്പെടുന്നു. |
| 2 | ശ്രീമതി.ബിബിമോൾ.വി.എ<br>ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, ഈരാറ്റുപേട്ട | 685 | 635 ബി | |
| 3 | ശ്രീ. മനോജ് കുമാർ.കെ<br>ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, എടക്കാട് | 686 | 635 സി | |
| 4 | ശ്രീ.അബ്ദുൾ ഗഫൂർ.എ.ബി<br>ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, മതിലകം | 682 | 640 എ | പരാമർശം (9) സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 640 ആയ ശ്രീമതി സത്യവതി കെ.വി.ക്ക് തൊട്ടുതാഴെയായും 641 ആയ ശ്രീ. ഷാജുദ്ദീൻ എസ്. ന് തൊട്ടു മുകളിലായും സീനിയോറിറ്റി നിർണ്ണയിക്കപ്പെടുന്നു |
| 5 | ശ്രീ.ശെൽവനാചാരി.എസ്<br>അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഓഫീസ്, പത്തനംതിട്ട | 583 | 645 എ | പരാമർശം (9) സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 645 ആയ ശ്രീ. അനൂപ് കുമാർ ടി.എസ്. ന് തൊട്ടുതാഴെയായും 646 ആയ ശ്രീ.ഷെർഹബീൽ മെഹറൂഫിന് തൊട്ടു മുകളിലായും സീനിയോറിറ്റി നിർണ്ണയിക്കപ്പെടുന്നു |
| 6 | ശ്രീമതി.ബിന്ദു.ടി.വി<br>ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, പൊന്നാനി | 772 | 691 എ | പരാമർശം (9) സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 691 ആയ ശ്രീ. സജീവ് പി. ക്ക് തൊട്ടുതാഴെയായും 692 ആയ ശ്രീ.എ.എസ്. ഗോപകുമാറിന് തൊട്ടു മുകളിലായും സീനിയോറിറ്റി നിർണ്ണയിക്കപ്പെടുന്നു |

മേൽ ജീവനക്കാർക്ക് ഈ ഓഫീസിലെ പരാമർശം (9) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള സീനിയോറിറ്റി റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:- വ്യക്തികൾക്ക് (ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ മുഖേന)

പകർപ്പ്:-
1. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), പത്തനംതിട്ട, കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ
2. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, ഈരാറ്റുപേട്ട, മതിലകം, പൊന്നാനി, താനൂർ, എടക്കാട്
3. പി & എം സെക്ഷൻ, സി.ആർ.ഡി (പ്രസിദ്ധീകരണത്തിന്)
3. സി.ആർ.ഡി.യുടെ സിഎയ്ക്ക്
5. ഓഫീസ് പകർപ്പ്/കരുതൽ ശേഖരം

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്